പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1723

25.03.2013 ലെ മറുപടിയ്ക്ക്

# സി-സ്റ്റെഡ്-ന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. സി. ജോർജ്**<br>**ഡോ. എൻ. ജയരാജ്**<br>**ശ്രീ. എം.വി. ശ്രേയാംസ് കുമാർ**<br>**ശ്രീ. റോഷി അഗസ്റ്റിൻ** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് സി-സ്റ്റെഡ് എന്നാണ് നിലവിൽ വന്നത്; ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; | (എ) 1985 ൽ ദേശീയ ശാസ്ത്ര സാങ്കേതിക സംരംഭമായ വികസന ബോർഡിന്റെ കീഴിൽ സെറ്റഡ് പ്രോജക്ട് എന്ന പേരിൽ തുടങ്ങിയ സി-സ്റ്റെഡ് 2000-ൽ കേരള സർക്കാരിന്റെ കീഴിൽ നിലവിൽ വന്നു. ശാസ്ത്ര സാങ്കേതിക വിദ്യകളിലൂന്നിയുള്ള സംരംഭകത്വ വികസനം, ശാസ്ത്ര സാങ്കേതിക മേഖലകളിൽ വൈവിധ്യമാർന്ന കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയാണ് സി-സ്റ്റെഡിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. |
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായ പ്രവർത്തന ശൈലി വളർത്തിയെടുക്കുന്നതിൽ എത്രത്തോളം വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ; | (ബി) സി-സ്റ്റെഡിന്റെ ഉദ്ദേശലക്ഷ്യങ്ങളിലൂന്നി-യുള്ള പ്രവർത്തനങ്ങൾ സ്ഥാപനം നടത്തി വരുന്നു. സംസ്ഥാന ഐ.റ്റി മിഷന്റെ കീഴിലുള്ള "അക്ഷയ പദ്ധതി", സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ അഗതി മന്ദിരങ്ങളിലും, ക്ഷേമ സ്ഥാപനങ്ങളിലുമുള്ള സ്ത്രീകൾക്കുവേണ്ടിയുള്ള 'ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം' തുടങ്ങിയവ സി-സ്റ്റെഡിന്റെ സാങ്കേതിക മികവിലൂടെ നിലവിൽ വന്നതാണ്. |
| (സി) നിലവിൽ സി-സ്റ്റെഡ് നടത്തി വരുന്ന പരിപാടികൾ എന്തെല്ലാമാണ്; പ്രവർത്തന ഫണ്ട് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് സമാഹരിക്കുന്നത്; | (സി) സി-സ്റ്റെഡ് കേരളത്തിലെ എല്ലാ ജില്ലകളിലും പ്രത്യേകിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകത്വ വികസന, തൊഴിൽ പരിശീലന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവയാണ് :<br>1) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള |

സി.സി.ഡി.യു എന്ന സ്ഥാപനത്തിന് വേണ്ടി കേരളത്തിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും കേന്ദ്രീകരിച്ചുള്ള ജലഗുണ നിലവാരം തിട്ടപ്പെടുത്തൽ പരിപാടി.

2) കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള സബല പദ്ധതി.
3) അഗതി മന്ദിരങ്ങളിലെയും മറ്റ് ക്ഷേമ സ്ഥാപനങ്ങളിലെയും നിരാലംബരായ സ്ത്രീകൾക്ക് വേണ്ടി സംസ്ഥാന് സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമുകളും ഒരുമ ഉൽപന്നങ്ങളുടെ നിർമ്മാണവും വിപണനവും.
4) കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് കാസർഗോഡ് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് വികലാംഗർക്കും എൻഡോസൾഫാൻ ദുരിത ബാധിതരുടെ കുടുംബങ്ങൾക്കും സാമൂഹ്യ സുരക്ഷയ്ക്ക് വേണ്ടിയുള്ള 'പുനർഭവ' പദ്ധതി.
5) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ധനസഹായത്തോടെ തിരുവനന്തപുരം വനിതാ ജയിലിലെ സ്ത്രീ തടവുകാർക്ക് വേണ്ടിയുള്ള തൊഴിൽ നൈപുണ്യ-ഉപജീവന മാർഗ്ഗ പദ്ധതി എന്നിവ.

വിവിധ ഏജൻസികളിൽ നിന്ന് സ്വന്തമായി സ്വരൂപിക്കുന്ന ധനസ്രോതസ്സുകൾ കൊണ്ടാണ് സി-സ്റ്റെഡ് പ്രവർത്തന ഫണ്ട് സമാഹരിക്കുന്നത്.

(ഡി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ക്രിയാത്മകമായ എത്ര പദ്ധതികൾ സി-സ്റ്റെഡ് കേന്ദ്രത്തിന് സമർപ്പിച്ചു; അതിൽ അംഗീകാരം ലഭിച്ചവ എത്ര; വിശദാംശങ്ങൾ നല്കുമോ;

(ഡി) കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ കേന്ദ്രത്തിന് സമർപ്പിച്ച് ഏറ്റെടുത്തു നടത്തി കൊണ്ടിരിക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവയാണ് :

1) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സി.സി.ഡി.യു (കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ്)-ന്റെ സഹകരണത്തോടെ കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ഭാഗമായ രാജീവ് ഗാന്ധി കുടിവെള്ള മിഷനിൽ നിന്നുള്ള ധനസഹായത്തോടെ കേരളത്തിലെ തിരവനന്തപുരവും വയനാടും ഒഴികെയുള്ള എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത ബ്ലോക്കുകളിലെ ജലഗുണനിലവാരം തിട്ടപ്പെടുത്തുന്ന പദ്ധതി.

2) കേന്ദ്ര ഗവൺമെന്റിന്റെ കിശോരി ശക്തിയോജന /സബല പദ്ധതിയുടെ ഭാഗമായി കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന്റെ ധനസഹായത്തോടെ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്ന പദ്ധതികൾ.

3) എൻ.പി.ആർ.പി.ഡി (National Programme for Rehabilitation of Physically Disabled) എന്ന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലാ പഞ്ചായത്തിനുവേണ്ടി കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ അംഗവൈകല്യമുള്ളവർക്കും, എൻഡോസൾഫാൻ ദുരിത ബാധിതർക്കും വേണ്ടി നടപ്പാക്കുന്ന 'പുനർഭവ' തൊഴിൽ പരിശീലന സാമൂഹ്യ സുരക്ഷ പദ്ധതി എന്നിവ.

| | |
|---|---|
| (ഇ) സി-സ്റ്റെഡിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നത് വാടകക്കെട്ടിടങ്ങളിലാണോ; എങ്കിൽ പ്രതിവർഷം വാടക ഇനത്തിൽ ചെലവഴിക്കപ്പെടുന്ന തുകയെത്രയെന്ന് വ്യക്തമാക്കുമോ; | (ഇ) അതെ. ആകെ വാടക പ്രതിവർഷം 15,27,948/- രൂപയാണ്. |
| (എഫ്) പ്രസ്തുത സ്ഥാപനം അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അനുസൃതമായ, ക്രിയാത്മക പ്രവർത്തന ശൈലിക്കു രൂപം കൊടുക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ? | (എഫ്) 18.10.2012-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സി-സ്റ്റെഡിന്റെ ഗവേണിംഗ് കൗൺസിൽ സി-സ്റ്റെഡിന് ഒരു പുതിയ ദിശാബോധം കൈവരുന്ന വിധത്തിൽ ശാസ്ത്ര സാങ്കേതിക മേഖലയിൽ കൂടുതൽ ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. |

Hanee fa

**സെക്ഷൻ ഓഫീസർ**